ജനുവരി 2018

# റിവൈവൽ വോയ്സ്

A Revival Church Publication



- പാസ്റ്ററുടെ സന്ദേശം
- പുതുവർഷത്തിൽ നമുക്കുള്ള ഏഴുകാര്യങ്ങൾ

ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും;
പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല. മത്തായി 16:18

Philadelphia Revival Church www.prconline.org

Private Circulation Only



# പാസ്റ്ററുടെ സന്ദേശം

ദൈവം നമ്മൾക്ക് നൽകിയിരിക്കുന്ന ഈ പുതുവർഷം പ്രതീക്ഷകളുടെ വർഷം ആയിരിത്തീരട്ടെ. മഹത്വം എന്ന പദം 'കബോദ്', 'ഡോക്സാ' എന്നീ ഗ്രീക്ക് പദങ്ങളിൽ നിന്നും പരിഭാഷപ്പെടുത്തിയതാണ്. 'കബോദ്' ദൈവമഹത്വത്തിന്റെ മാനുഷീകഭാഗമാണ്.

*റോമർ 5:2-5 നാം നില്ക്കുന്ന ഈ കൃപയിലേക്കു നമുക്കു അവന്മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു; നാം ദൈവതേജസ്സിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു. അതു തന്നേ അല്ല, കഷ്ടത സഹിഷ്ണതയെയും സഹിഷ്ണത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നു അറിഞ്ഞു, നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു. പ്രത്യാശെക്കോ ഭംഗം വരുന്നില്ല; ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ.*

വിശ്വാസത്താൽ നമ്മൾക്ക് കൃപ പ്രാപിക്കാം എന്നു നാം ഇതിനാൽ മനസ്സിലാക്കുന്നു. എങ്കിൽ നാം പ്രതീക്ഷിക്കേണ്ടത് ദൈവനാമ മഹത്വമാണല്ലോ? പരിശോധനകളും, കഷ്ടപ്പാടുകളും പ്രതീക്ഷിക്കാതെ സ്വർഗ്ഗീയ പിതാവിന്റെ തേജസ്സ് നാം കാണേണ്ടതാണ്.

**എന്താണ് ദൈവതേജസ്സ്**

ദൈവത്തിന്റെ നന്മയും ദൈവം തന്നെയുമാണ് ദൈവതേജസ്സ്. നന്മയുള്ളതും ഉന്നതവുമായ കാര്യങ്ങൾ പ്രതീക്ഷിക്കുക, അത് എഴുതിവയ്ക്കുക. അതിമഹത്തായ അനുഗ്രഹങ്ങൾ നൽകുവാൻ പ്രാപ്തനായ ദൈവസന്നിധിയിൽ എപ്പോഴും ചെറിയ ആവശ്യങ്ങളുമായി നാം ചെന്നാൽ അതുല്ല്യമായ ദൈവീകത്വത്തെ നാം തരം താഴ്ത്തുകയാണ്.

**2018 പ്രതീക്ഷകളുടെ വർഷം**

*1 കൊരിന്ത്യർ 2:9-10 ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല." എന്നു എഴുതിയിരിക്കുന്നതുപോലെ തന്നേ. നമുക്കോ ദൈവം തന്റെ ആത്മാവിനാൽ വെളിപ്പെടുത്തിയിരിക്കുന്നു; ആത്മാവു സകലത്തെയും ദൈവത്തിന്റെ ആഴങ്ങളെയും ആരായുന്നു.*

**നൈനാൻ റ്റി.**

**പാസ്റ്റർ, റിവൈവൽ ചർച്ച്.**



# പുതുവർഷത്തിൽ നമുക്കുള്ള ഏഴുകാര്യങ്ങൾ

**ഒരു സ്വപ്നം, ഒരു ദർശനം, ഒരു ലക്ഷ്യം**

ഒന്നാമതായി എന്തിനെക്കുറിച്ചും ഒരു സ്വപ്നം, ഒരു ദർശനം, ഒരു ലക്ഷ്യം നമുക്കുണ്ടായിരിക്കേണം. ജോസഫിന്റെ ദർശനം ഒരു സ്വപ്നമായിരുന്നു, തനിക്കത് നല്കപ്പെട്ടതായിരുന്നുവോ? ദൈവത്തിന്റെ നന്മ അത് ഉറപ്പിക്കുകയത്രേ ചെയ്തത്. പുതുവർഷത്തിൽ മഹത്തരമായ ഒരു സ്വപ്നം ദൈവത്തോട് ചോദിച്ച് ഉറപ്പിക്കുവാൻ സാധിക്കുമോ?

**ദൈവീകമായ ഫലങ്ങൾ പുറപ്പെടുവിക്കുക**

സ്വർഗ്ഗീയ പിതാവ് ഉള്ളിൽ വസിച്ചിരുന്ന യേശുക്രിസ്തുവിൽ സ്നേഹം, സന്തോഷം, സമാധാനം തുടങ്ങിയ ആത്മീയഫലങ്ങൾ നാം കാണുന്നു. ക്രിസ്തു ഉള്ളിൽ വസിക്കുന്ന നമ്മളിൽ ഈ ദൈവീകഭാവങ്ങൾ ഉണ്ടാകേണ്ടതാണ്. വിവിധ സാഹചര്യങ്ങളിൽ നാം എപ്രകാരം പ്രതികരിക്കുന്നുവോ അതു നമ്മുടെ സ്വഭാവമായി മാറുന്നു. പരിശുദ്ധാത്മാവിലുള്ള പുതുമനുഷ്യനിൽ നാം ഏതു സാഹര്യത്തിലും സ്നേഹത്തോടെ പ്രതികരിച്ചാൽ, അതു നമ്മെ ആത്മാവിന്റെ എല്ലാ ഫലങ്ങളിലേക്കും ചെന്നെത്തുവാൻ സഹായിക്കുന്നു.

*യാക്കോബ് 3:18 എന്നാൽ സമാധാനം ഉണ്ടാക്കുന്നവർ സമാധാനത്തിൽ വിതെച്ചു നീതി എന്ന ഫലം കൊയ്യും.* എന്ന് യാക്കോബ് അപ്പൊസ്തോലൻ പറഞ്ഞിരിക്കുന്നു. നമ്മുടെ സൽസ്വഭാവങ്ങൾ പലപ്പോഴും സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ മാറിമറിഞ്ഞു പോകാറുണ്ട്. അപ്പോൾ പ്രാർത്ഥനയോടെ ദൈവത്തോട് ചേർന്നു നടക്കുക. അങ്ങിനെയെങ്കിൽ നാം ശുദ്ധീകരിക്കപ്പെടുകയും ക്രിസ്തുവിൽ മുന്നമേ നമ്മിൽ നൽകപ്പെട്ടിരിക്കുന്ന ദൈവീക നന്മയിലേക്ക് നമ്മെ നയിക്കയും ചെയ്യുന്നു. നാം സ്വയമായി ഒന്നും തന്നെ പ്രകടിപ്പിക്കുവാൻ ശ്രമിക്കേണ്ടതില്ല. ദൈവത്തോട് ചേർന്നു നടക്കുന്നുവെങ്കിൽ പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ നമ്മിൽ പ്രകടമാകും.

**മാനസാന്തരവും പുതുക്കവും**

വിശ്വാസം നമ്മെ പൂർണ്ണവിശ്വാസത്തിലേക്ക് നയിക്കണം. ധാർമ്മികതയെക്കുറിച്ചു മാത്രം സംസാരിക്കുന്ന ലോകത്തിനു ആത്മീകമായ വിശ്വാസത്തെക്കുറിച്ചു അറിവില്ല. ധാർമ്മികമായ നിലവാരം പുലർത്തുന്ന ഒരു വ്യക്തി ധാർമ്മികമായി പരാജയപ്പെട്ടാൽ തന്റെ വിശ്വാസവും ഇല്ലാതാകുന്നു. എന്നാൽ ഒരു ആത്മീകനായ വ്യക്തി യേശുക്രിസ്തുവിന്റെ പൂർണ്ണതയിൽ വിശ്വസിക്കുന്നു.

യേശുവിന്റെ കൃപയും, വിശ്വാസവും, പിതാവിനോടുള്ള ബന്ധവും ഓരോ ആത്മീയനും ഉണ്ടായിരിക്കും. ആ ബന്ധത്തിൽ കൂടെ തന്റെ തെറ്റുകൾ തിരുത്തുവാനും, പുതുക്കം പ്രാപിക്കുവാനും ഒരു വിശ്വാസിക്കു കഴിയുന്നു. ഏറ്റുപറച്ചിൽ (മാനസാന്തരം) എന്നത് ഒരു കർമ്മം അല്ല, എന്നാൽ പുതുക്കം പ്രാപിക്കുവാനുള്ള ഒരവസരമത്രെ. ഒരു വ്യക്തി, ആരുതന്നെ ആയാലും എങ്ങിനെ ഒരു ഉത്തമവ്യക്തിയായി മാറുന്നു? തന്നിലുള്ള യേശുവിനെ ഉയർത്തുമ്പോൾ, തന്നിലുള്ള യേശുക്രിസ്തുവിൽ, പിതാവായ ദൈവത്തെ മറ്റുള്ളവർ കാണുന്നു.

**മുന്നോട്ടു പോവുക**

വിശ്വാസം നമ്മെ ഒതുക്കുന്നതല്ല, നാം മുന്നോട്ടു നീങ്ങേണ്ടതാണ്. പറയുന്നതു തന്നെ വീണ്ടും പറയുന്നതും, ഒരേ കാഴ്ച്ചപ്പാടിൽ തന്നെ വർഷം തോറും തുടരുന്നതും, ക്രിസ്തുവിലുള്ള ഒരു വിശ്വാസിയുടെ നിലപാടല്ല. പിതാവായ ദൈവത്താൽ നിയമിക്കപ്പെട്ട ഒരുക്കത്തിന്റെയും, വെളിപ്പെടലിന്റെയും കാലങ്ങൾ ഉണ്ടായിരിക്കും. നാം ദൈവത്തോടു കൂടെ മുന്നോട്ടു പോകേണ്ടതാണ്.

**ശരിയായ മനോഭാവം**

ശരിയായ മനോഭാവം, ശരിയായ ഒരു ജീവിതം നൽകുകയും അതു നിലനിർത്തുയും ചെയ്യുന്നു. തുടർച്ചയായ ചില ചിന്താഗതികളാണ് മനോഭാവമായി മാറുന്നത്. പുത്രനായ യേശുക്രിസ്തുവിന്റെയും, പിതാവായ ദൈവത്തിന്റെയും മനസ്സിൽ നാം ശക്തിപ്പെടുകയും, നമ്മുടെ അകത്തെ മനുഷ്യൻ ഗുണീകരിക്കപ്പെടുകയും, മനസ്സു പുതുക്കപ്പെടുകയും ചെയ്‌വാൻ പ്രാപ്തമായ ദിവ്യചിന്തകൾ വചനത്തിൽ കൂടെ നൽകപ്പെട്ടിരിക്കുന്നു.

വചനം ഭക്ഷിച്ചു ദിനം തോറും അതു മനനം ചെയ്തു ലഭിക്കുന്ന ആത്മീയ ഗാനങ്ങൾ പിതാവിനോടു പാടുക. (ഗാനങ്ങൾ പുറമേ പാടണം എന്നല്ല നമ്മുടെ ലക്ഷ്യം, വചനം ധ്യാനിക്കുവാനും അതു നമ്മുടെ മനസ്സിലും അധരങ്ങളിൽ കൂടെയും ഒഴുകണം എന്നത്രേ.)

**ഹൃദയത്തിന്റെ അവസ്ഥ**

മാനസിക അവസ്ഥ പോലെ ഹൃദയത്തിന്നും ഒരു അവസ്ഥയുണ്ട്. ഹൃദയത്തിന്, ജഡീകമോ ആത്മാവിനാൽ നല്കപ്പെട്ട അവസ്ഥയോ തിരഞ്ഞെടുക്കാം. ജഡഹൃദയം എപ്പോഴും, സ്വയസുഖവും താല്പര്യങ്ങളും ശ്രദ്ധിച്ചു സ്വയം കേന്ദ്രീകൃതമായിരിക്കും. എന്നാൽ ആത്മീയ ഹൃദയം യേശുക്രിസ്തുവിൽ കൂടെ പിതാവിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ആത്മീയ ഹൃദയത്തെ ശക്തീകരിക്കുന്ന ഒരു പുതുക്കപ്പെട്ട മനുഷ്യനെയാണ് നമുക്ക് നൽകപ്പെട്ടിരിക്കുന്നത്.

**സ്നേഹം**

1കൊരിന്ത്യർ 13 അപ്പോസ്തോലനായ പൌലോസ് എഴുതിയ സ്നേഹ ത്തിന്റെ അദ്ധ്യായമാണ്. യേശുവിന്റെ സ്നേഹം കൂടുതൽ കാണുകയും അനുഭവിച്ച് അറികയും ചെയ്ത പത്രോസിനോ യോഹന്നാനോ യേശുവിനെക്കുറിച്ച് സാക്ഷ്യമെഴുതാമായിരുന്നു, എങ്കിലും ദൈവം അതിനായി തിരഞ്ഞെടുത്തത് പൌലോസിനെയാണ്. കൊരിന്ത് സഭയ്ക്ക് അയക്കുവാൻ സ്നേഹത്തിന്റെ സന്ദേശം നൽകപ്പെട്ടത്, യേശുവിനെ ജഡത്തിൽ കണ്ടിട്ടില്ലാത്ത പൌലോസിനെയാണ്, എന്തുകൊണ്ട്? നാം കാണുകയോ, കേൾക്കുകയോ, അനുഭവിക്കുകയോ ചെയ്യുന്നതിലും എത്രയോ ഉപരിയായ സ്നേഹത്തെക്കുറിച്ചാണ് ദൈവം പറയുന്നത്. ഒരു അനുഭവത്താലോ, സ്നേഹം കാണിക്കുന്നതിനാലോ, യഥാർത്ഥ സ്നേഹം പൂർണ്ണമായി പ്രകടിപ്പിക്കുവാൻ സാദ്ധ്യമല്ല.

ഭാര്യയുടെ പെരുമാറ്റം ചിലപ്പോൾ സ്വീകാര്യമല്ലാത്ത സാഹചര്യത്തിൽ, അവളെ മനസ്സിലാക്കുവാൻ കഴിയാത്ത ഒരു ഭർത്താവിന്, ദൈവസ്നേഹം മനസ്സിലാകുന്നില്ല.

*1 കൊരിന്ത്യർ 13 : 4 – 8 സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു; സ്നേഹം സ്പർദ്ധിക്കുന്നില്ല. സ്നേഹം നിഗളിക്കുന്നില്ല. ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല സ്വാർത്ഥം അന്വേഷിക്കുന്നില്ല, ദ്വേഷ്യപ്പെടുന്നില്ല, ദോഷം കണക്കിടുന്നില്ല; അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു: എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രത്യാശിക്കുന്നു, എല്ലാം സഹിക്കുന്നു. സ്നേഹം ഒരുനാളും ഉതിർന്നുപോകയില്ല. പ്രവചനവരമോ, അതു നീങ്ങിപ്പോകും; ഭാഷാവരമോ, അതു നിന്നുപോകും; ജ്ഞാനമോ, അതു നീങ്ങിപ്പോകും.*

ഈ വാക്യം ശ്രദ്ധിക്കുക. *ഉത്തമഗീതം 8:7 ഏറിയ വെള്ളങ്ങൾ പ്രേമത്തെ കെടുപ്പാൻ പോരാ; നദികൾ അതിനെ മുക്കിക്കളകയില്ല. ഒരുത്തൻ തന്റെ ഗൃഹത്തിലുള്ള സർവ്വസമ്പത്തും പ്രേമത്തിന്നു വേണ്ടി കൊടുത്താലും അവനെ നിന്ദിച്ചുകളയും.*

***നമ്മുടെ കർത്താവിനെ തന്നെ ഈ വർഷം പ്രതീക്ഷിക്കുക.***

# Looking Unto Jesus – Word Scramble Puzzle

**Complete the Bible verse given below.**

**<u>Bible Verse:</u> Hebrews 12:2(KJV)**

**"Looking unto Jesus the ____________ and ____________ of our faith who for the joy that was set ____________ him ____________ the cross ____________ the shame and is set down at the right hand of the throne of God "**

**<u>Unscramble the following words:</u>** (Hint: Words taken from the above verse)

N I S I G P S D E

R E U D E N D

E O B E R F

T H R O A U

**Copy the circled letters from above into the blanks below and unscramble the final word.** (Hint: Look for the words not used earlier)

___ ___ ___ ___ ___ ___ ___ ___

Created online at Gospel Hall dot Org


CARRY YOUR BOOKS?
A Joyful 'toon by Mike Waters
MAY I CARRY THOSE BOOKS FOR YOU ?
CHURCH
CARE
WORRY
PROBLEM
NEED
JESUS
MW
© 2007 Michael D. Waters
www.joyfultoons.com
Casting all your care upon him; for he careth for you.
– 1 Peter 5:7 KJV

## Event Schedule

**Sunday Service**
09:30 AM - 11:00 AM : Malayalam Worship
11:30 AM - 1:00 PM : English Worship
10:00 AM - 11:15 AM : Sunday School

**Special Worship(In Church):** Friday 6:30 PM - 8:30 PM

**Youth Meetings:** Friday 7:00 PM - 9:00 PM

**Bible Study(In Homes):**
Wednesday : 10:30 AM - 12:30 PM & 6:30 PM - 8:30 PM

**Cell Meetings:**
Northeast Philadelphia: Saturday & Sunday 6:30 PM - 8:30 PM

For more details please call us at 215-673-4967